## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*291** | **13.03.2018 ൽ മറുപടിയ്ക്ക്**

## നാളികേര വികസനത്തിനായി കേരഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ.കെ.ജെ. മാക്സി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) നാളികേര വികസനത്തിനായി കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | എ) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) പദ്ധതിയുടെ നടത്തിപ്പിനായി കേരസമിതികൾ രൂപീകരിച്ചിട്ടുണ്ടോ; | ബി) പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കൃഷി ഓഫീസർ എന്നിവരെ എക്സ് ഒഫിഷ്യോ മെമ്പർമാരായി ഉൾപ്പെടുത്തിക്കൊണ്ട് ഒരു കേരഗ്രാമത്തിന് ഒരു പഞ്ചായത്തുതല കേരസമിതി വീതം രൂപീകരിച്ചിട്ടുണ്ട്. |
| സി) ഉത്പാദനക്ഷമതയില്ലാത്തതും പ്രായം ചെന്നതും രോഗബാധയുള്ളതുമായ തെങ്ങുകൾ വെട്ടിമാറ്റി ഉയർന്ന ഉത്പാദന ക്ഷമതയുള്ള സങ്കരയിനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത്; | സി) ഉത്പാദനക്ഷമത കുറഞ്ഞതും, പ്രായാധിക്യം ബാധിച്ചതും, രോഗബാധയുള്ളവയുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് നഷ്ടപരിഹാരമായി ഒരു തെങ്ങിന് 500/- രൂപ നിരക്കിൽ ഒരു ഹെക്ടറിന് പരമാവധി 7,500/- രൂപയും പകരം ഗുണമേന്മയുള്ള തെങ്ങിൻ തൈ നടുന്നതിന് ഒരു തൈയുടെ വിലയുടെ 50% പരമാവധി 60/- രൂപയും ധനസഹായമായി കേരഗ്രാമം പദ്ധതി മുഖേന നൽകി വരുന്നു. |

| | |
|---|---|
| ഡി) തെങ്ങുകളുടെ കീടരോഗ നിയന്ത്രണത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) ജൈവകീടനാശിനികൾ, ജൈവ നിയന്ത്രണകാരികൾ, ജീവാണുവളം എന്നിവ ഉപയോഗിച്ചുള്ള ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ആവശ്യമായി വരുന്ന വസ്തുക്കളുടെ 50% വില പരമാവധി ഒരു തെങ്ങിന് 25 രൂപയും, ആവശ്യമെങ്കിൽ രാസകീടനാശിനി പ്രയോഗത്തിന് മരുന്നിന്റെ വിലയുടെ 50% പരമാവധി 10/- രൂപയും ധനസഹായമായി കേരഗ്രാമം പദ്ധതി മുഖേന നൽകി വരുന്നു. കൂടാതെ തെങ്ങിൽ കയറി മരുന്നു തളിയുൾപ്പെടെയുള്ള കീടരോഗ പ്രവർത്തനങ്ങൾ നടത്തുന്നതിന് തെങ്ങ് കയറ്റ കൂലിയായി ഒരു തെങ്ങിന് 50/- രൂപ ക്രമത്തിൽ നൽകുവാനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**